# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

# തൃശ്ശൂർ

**Email: kauagmet@yahoo.co.in, cohagmet@kau.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 23/18(45), ചൊവ്വാഴ്ച** **തീയ്യതി 05.06.2018**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 173 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 28.0 മുതൽ 32.1 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23.4 മുതൽ 24.9 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 86 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 71 മുതൽ 97 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.8 മുതൽ 3.0 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.2 മുതൽ 7.2 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.8 മുതൽ 3.2 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 06.06.2018 | 07.06.2018 | 08.06.2018 | 09.06.2018 | 10.06.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 18 | 35 | 60 | 50 |
| ഉയർന്ന താപനില (°C ) | 29 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 8 | 8 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 012 | 012 | 018 | 018 | 018 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |

- തൃശൂർ ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നല്ലമഴയ്ക്ക് സാധ്യത.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി,കാഞ്ചന) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | വിരിപ്പു കൃഷിക്കായുള്ള ഞാറ് 4-5 ഇല പ്രായത്തിൽപറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഉ ാകുകയില്ല. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി സ്യൂഡോമോണാസ് ലായനി ഉ ാക്കാം. |
| വാഴ | ഇലപ്പുള്ളി രോഗം | മഴക്കാലമായതിനാൽ വാഴയിൽ കുമിൾ രോഗമായ ഇലപ്പുള്ളിരോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 1 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| തെങ്ങ് | കൂമ്പുചീയൽ | തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് 5 ഗ്രാം/ ഒരു പായ്ക്കറ്റിൽ മൂന്നു വീതം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. |
| മൃഗസംരക്ഷണം | മുറിവുകൾ ഉണ്ടാകുമ്പോൾ ഉണങ്ങുന്നതുവരെ നിരന്തരം ശ്രദ്ധ ചെലുത്തേണ്ടതും ഈച്ചകളെ അകറ്റാൻ മാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതുമാണ്.(CAADECCS, KVASU, Mannuthy) | |